**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 108** **07-10-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ തുറക്കുന്നതിനുള്ള മുൻകരുതലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈ നവംബർ മാസത്തിൽ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സ്കൂളുകൾ നവംബർ 1-ന് തുറക്കുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസ വകുപ്പിലെ ക്യൂ.ഐ.പി. മോണിട്ടറിംഗ് കമ്മിറ്റി, അംഗീകൃത അധ്യാപക സംഘടനകൾ, യുവജന സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ , ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ മേയർമാർ, ട്രേഡ് യൂണിയൻ സംഘടനകൾ ,ജില്ലാ കളക്ടർമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം മന്ത്രി തലത്തിൽ വിളിച്ച്ചേർക്കുകയും ഈ യോഗങ്ങളിൽ ഉയർന്നുവന്ന അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുകയും ചെയ്യുന്നു. കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ, പി.ടി.എ/ എസ്.എം.സി,യുവജന സംഘടനകൾ, അധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശ സ്വയംഭരണം) മന്ത്രിതല ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. |
| (ബി) | കോവിഡ് വ്യാപനം ഉയർന്നുനിൽക്കുന്ന സാഹചര്യത്തിൽ രക്ഷിതാക്കളുടെ ആശങ്ക പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് | (ബി) | കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറക്കാത്തതു കാരണം കുട്ടികളിലും രക്ഷകർത്താക്കളിലുമുണ്ടായിട്ടുള്ള മാനസിക |

| | | | |
|---|---|---|---|
| | സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കും കുട്ടികൾക്കും കൗൺസിലിംഗ് അടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | | സംഘർഷവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകരമാംവിധം 'ഉള്ളറിയാൻ' എന്ന പരിപാടി ഡിജിറ്റൽ ക്ലാസ്സുകളുടെ ഭാഗമായി നടപ്പാക്കിവരുന്നു. കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മനശാസ്ത്രജ്ഞരുടെ സഹായം തേടുന്നുണ്ട്. ഒപ്പം തന്നെ കായികക്ഷമതയും ആരോഗ്യവും സംബന്ധിച്ച വീഡിയോ ക്ലാസ്സുകളും ലഭ്യമാക്കുന്നുണ്ട്. വിക്ടേഴ്സ് ചാനൽ വഴി ഇത്തരം ക്ലാസ്സുകൾകൂടി സംപ്രേഷണം ചെയ്യുന്നുണ്ട്. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ സ്കൂളുമായി ബന്ധപ്പെട്ട് ഇപ്പോൾ തന്നെ നടക്കുന്നുണ്ട്. ജീവിത നൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 'ഉല്ലാസ പ്പറവകൾ' എന്ന പേരിലുള്ള പ്രവർത്തനം സംസ്ഥാനത്തു നടന്നു വരുന്നു. ഈ പേരിൽ പ്രത്യേക പഠനസാമഗ്രി തയ്യാറാക്കിയാണ് മുന്നോട്ടുപോകുന്നത്. കുട്ടികളുടെ മാനസികാരോഗ്യം ഈ പദ്ധതിയുടെ മുഖ്യപരിഗണനയാണ്. Our Responsibility to children (ORC) എന്ന പദ്ധതിയും സ്കൂൾ കുട്ടികൾക്കായി നടപ്പാ ക്കുന്നുണ്ട്. കുട്ടികളുടെ വൈകാരികവും മാനസികവുമായ ക്ഷേമം ഈ പരിപാടിയുടെ ലക്ഷ്യമാണ്. ഇതിലെല്ലാം രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ ഊന്നൽ നൽകുന്നുണ്ട്. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂൾ തലത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്രീകൃത മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ആ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അധ്യാപകതല പരിശീലനം നൽകുന്നതാണ്. അപ്രകാരം പരിശീലനം ലഭിച്ച അധ്യാപകർ ക്ലാസ്സടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്ക് സമൂഹ മാധ്യമങ്ങളിലൂടെ ഇത് സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതാണ്. സ്കൂൾ തുറന്ന് ആദ്യ ദിവസങ്ങളിൽ ഇത് സംബന്ധിച്ച ക്ലാസ്സുകൾ കുട്ടികൾക്കും നൽകുന്നതാണ്. |
| (സി) | പ്രൈമറി ക്ലാസ്സിലെ കുട്ടികൾ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുമെന്ന് ഉറപ്പുവരുത്താൻ പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിരിക്കുന്ന കരട് മാർഗ്ഗരേഖയിൽ ഇത് സംബന്ധിച്ച് പ്രഥമാധ്യാപകരും, ക്ലാസ്സ് അധ്യാപകരും സ്വീകരിക്കേണ്ട മുൻകരുതലുകളും നടപടികളും വിശദമായി പരാമർശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ